PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY

Third Session—1955.

Wednesday, the 19th October 1955.

Vol. XIV] OFFICIAL REPORT [No. 13

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 19th October 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

ആശുപത്രികളിലെ ബെഡ്ഡുകൾ.

* 605. [1] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറ ആശുപത്രികളിൽ രോഗികളെ കിടത്തിച്ചികിത്സിപ്പിക്കുന്നതിനുള്ള ബെഡ്ഡുകൾ തീരെ മതിയാവുന്നില്ലെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പേരുക്കട ആശുപത്രിയിൽ ബെഡ്ഡുകളുടെ കുറവുമൂലം രോഗികളെ പുറയിൽ കിടത്തി ചികിത്സിപ്പിക്കാൻ നിർബന്ധിതമായിത്തീർന്നുകൊണ്ടിരിക്കുന്ന വസ്തുത ഗവണ്മെൻറിന് അറിവുണ്ടോ ;

(സി) ഉണ്ടെങ്കിൽ, ഇതു പരിഹരിക്കുവാൻ ഗവണ്മെൻറ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ബെഡ്ഡുകൾ തീരെ മതിയാകാതെ വന്നിട്ടുള്ളതായി അറിവില്ല. എന്നാൽ ചില ആശുപത്രികളിൽ രോഗികളുടെ വദ്ധനവു കൊണ്ട് ചിലപ്പോൾ അങ്ങനെ സംഭവിച്ചേക്കാം. ആവശ്യാനുസരണം കൂടുതൽ ബെഡ്ഡുകൾ നൽകുന്നതിനുവേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

(ബി) അറിവില്ല. കട്ടിൽ ഒഴിവില്ലാതെവരുമ്പോൾ കിടക്കുന്നതിനുള്ള ഉപകരണങ്ങൾ തറയിൽവിരിച്ച് അതിൽ രോഗികളെ കിടത്താറുണ്ട്. അങ്ങനെ ഉള്ള രോഗികളെ ഒഴിവുവരുന്ന കട്ടിലുകളിൽ കിടത്തുകയാണ് ചെയ്യുന്നത്.

(സി) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കൂടുതൽ ബെഡ്ഡുകൾ നൽകുന്നതിന് വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശ്രീധരൻ : പേരൂക്കട ആശുപത്രിയിൽ ഇപ്പോൾ എത്ര രോഗികൾ തറയിൽ കിടക്കുന്നുണ്ടെന്ന് പറയാമോ ?

ശ്രീ. എ. എ. റഹീം : എത്ര പേരുണ്ടെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. എ. മാത്യു : എറണാകുളം ആശുപത്രിയിൽ ബെഡ്ഡ് ഇല്ലാത്തതുകൊണ്ട് കുറെ അധികം രോഗികളെ ആശുപത്രിയിലെ പുറം തിണ്ണയിൽ കിടത്തിയിരിക്കുന്നു എന്ന് അറിയാമോ ?

MR. SPEAKER : That is supplying information.

ശ്രീ. പി. ആർ. മാധവൻപിള്ള : തിരുവനന്തപുരം ആയുർവ്വേദ ആശുപത്രിയിൽ രോഗികളെ കിടത്തുന്നതിനുള്ള സ്ഥലവും പോരാ, ബെഡ്ഡുകളും പോരാ എന്ന് അറിയാമോ?

ശ്രീ. എ. എ. റഹിം : തിരുവനന്തപുരം ആയുർവേദ ആശുപത്രിയിൽ സ്ഥലം മതിയാകാത്തതുകൊണ്ട് സമീപമുള്ള സബ് രജിസ്ട്രാർകച്ചേരിക്കടുത്ത് ഉൾപ്പെടുത്താൻ ഒരു താൽക്കാലിക നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ എത്രയും വേഗം അതിലേക്ക് ആവശ്യമുള്ള കെട്ടിടവും ഉണ്ടാക്കുന്നതാണ്.

ശ്രീ. പി. കെ. അബ്ദുൽഖാദർ : മിക്ക ആശുപത്രികളിലും കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഇല്ലെന്ന് അറിയാമോ ?

ശ്രീ. എ. എ. റഹിം : എല്ലാ ആശുപത്രികളിലും രോഗികളെ കിടത്തിചികിത്സിക്കുന്നില്ല.

ശ്രീ. പി. എസ്. നടരാജപിള്ള : പേരൂക്കട ആശുപത്രിയിൽ ഒരു മെറ്റേർണിറ്റി വാർഡ് എങ്കിലും ഉണ്ടാക്കിയിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : അതൊരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. പി. എസ്. നടരാജപിള്ള : സർ, ഒരു പ്രത്യേക ചോദ്യമായി ചോദിക്കുവാനല്ല പറയുന്നത്. ഞാൻ ചോദിച്ചത് പേരൂർക്കട ആശുപത്രിയിൽ സ്ത്രീകൾക്കുവേണ്ടി ഒരു പ്രസവമുറിയെങ്കിലും ഉണ്ടാക്കിയിട്ടുണ്ടോ എന്നാണ്.

ശ്രീ എ. എ. റഹിം : ഉണ്ടെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. പി. എസ്. നടരാജപിള്ള : ഒരു മാസത്തിൽ ശരാശരി പത്തു മുപ്പതു പ്രസവക്കേസുകളാണ് അവിടെ വരുന്നതെന്നും അവിടെ ഇതിലേയ്ക്ക് വേണ്ടി ഒരു ഫാൻ മാത്രമേ ഉള്ളൂ എന്നും പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി വിശ്വസിക്കുമോ ?

ശ്രീ എ. എ. റഹിം : അതിനുവേണ്ടിയിട്ടുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാം.

ശ്രീ. പി. എസ്. നടരാജപിള്ള : ബഹുമാനപ്പെട്ട മന്ത്രി ആസ്ഥലം ഒന്ന് സന്ദർശിക്കാൻ ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ എ. എ. റഹിം : നിശ്ചയമായും സന്ദർശിക്കാം.

ശ്രീ. കെ. എ. ശിവരാമഭാരതി : സമയച്ചുരുക്കംകൊണ്ട് മിക്കവാറും രോഗികളെ ചില ആശുപത്രികളിൽനിന്ന് മടക്കി അയച്ചുകൊണ്ടിരിക്കുകയാണെന്ന് അറിയാമോ ?

ശ്രീ. എ. എ. റഹിം : അങ്ങനെ അറിവില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി : ബെഡ്ഡ് ഇല്ലാത്തതുകൊണ്ട് രോഗികളെ ആശുപത്രികളിൽനിന്നും തിരിച്ചയക്കുന്നില്ലെന്നാണോ പറയുന്നത് ?

ശ്രീ. എ. എ. റഹിം : അങ്ങനെ പറഞ്ഞയയ്ക്കുന്നതായിട്ട് എനിക്ക് അറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ : രോഗികളെ വരാന്തയിൽ കിടത്തരുതെന്ന് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്നാലും ചിലപ്പോൾ രോഗികളുടെ അപേക്ഷപ്രകാരം കിടത്തേണ്ടിവന്നേക്കും.

ശ്രീ. ടി. കെ. ദിവാകരൻ : ബഹുമാനപ്പെട്ട മന്ത്രി കൊല്ലം ഡിസ്ട്രക്ട് ആശുപത്രി സന്ദർശിച്ചപ്പോൾ രോഗികളെ വരാന്തയിൽ കിടത്തിയിട്ടുള്ളതു കണ്ടിട്ടില്ലേ ?

ശ്രീ. എ. എ. റഹിം : അതു ഒരു നിവൃത്തിയും ഇല്ലാത്തതുകൊണ്ട് അങ്ങനെ ചെയ്തിട്ടുള്ളതാണ്. ഒഴിവു വരുന്ന കട്ടിലിൽ കിടത്തിക്കൊണ്ടിരിക്കുകയാണ് ചെയ്യുന്നതു്.

പോലീസ് മർദ്ദനം.

✻ 606. [2] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ :

(എ) 1955 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലായി ഐ. ജി. ആഫ് പോലീസിനു് പോലീസ് മർദ്ദനം സംബന്ധിച്ചു് ലഭിച്ചിരുന്ന പരാതികൾ എത്രയാണു് ;

(ബി) ഇതിൽ എത്ര പരാതികൾ അന്വേഷണത്തിനു വച്ചു;

(സി) എത്ര പരാതികൾ തെളിഞ്ഞു;

(ഡി) മർദ്ദനത്തിന്റെ പേരിൽ ശിക്ഷിക്കപ്പെട്ട പോലീസുകാരുടേയും പോലീസ് ഉദ്യോഗസ്ഥന്മാരുടേയും എണ്ണം എത്ര?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) 81

(ബി) 81

(സി) അന്വേഷണം പൂർത്തിയായ എഴുപതു പരാതിയിൽ കുറെ തെളിഞ്ഞിട്ടില്ല. അവയിലെ ആരോപണങ്ങൾ എല്ലാം അടിസ്ഥാനരഹിതമാണെന്നു് മനസ്സിലായി.

(ഡി) സി—യ്ക്കുള്ള മറുപടിയിന്മേൽ ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly